പതിനാലാം കേരള നിയമസഭ

നാലാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ. 235 — 09.03.2017-ൽ മറുപടിക്ക്.

# തൊഴിലാളി സൗഹൃദ നിലപാടുകളുടെ അടിസ്ഥാനത്തിൽ ഗ്രേഡിംഗ്

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.പി.കെ. ശശി<br>,, ഇ.പി.ജയരാജൻ<br>,, കെ. കെ. രാമചന്ദ്രൻ നായർ<br>,, ജോൺ ഫെർണാണ്ടസ് | ശ്രീ. ടി. പി. രാമകൃഷ്ണൻ<br>തൊഴിലും എക്സൈസും വകുപ്പ് മന്ത്രി |
| (എ) തൊഴിൽ നൽകുന്ന സ്ഥാപനങ്ങൾക്ക്, തൊഴിലാളി സൗഹൃദ നിലപാടുകളുടെ അടിസ്ഥാനത്തിൽ ഗ്രേഡിംഗ് നൽകാൻ ഉദ്ദേശിക്കുന്നുണ്ടോ; | (എ) ഉണ്ട് |
| (ബി) ഇതിന്റെ മാനദണ്ഡം എന്താണെന്നും ഇതുവഴി കൈവരിക്കാനുദ്ദേശിക്കുന്ന നേട്ടം എന്തെന്നും അറിയിക്കുമോ; | (ബി) ഗ്രേഡിംഗ് സംബന്ധിച്ച് അവലംബിക്കുന്ന മാനദണ്ഡങ്ങൾ ചുവടെപ്പറയുന്നവയാണ്.<br>1. തൊഴിൽ നിയമങ്ങളുടെ വ്യവസ്ഥകൾക്കനുസൃതമായ പ്രവർത്തനം<br>2. തൊഴിലാളികൾക്ക് നൽകുന്ന സാമ്പത്തികാനുകൂല്യങ്ങൾ<br>3. തൊഴിലാളികൾക്ക് അനുവദിക്കുന്ന അവധി ആനുകൂല്യങ്ങൾ<br>4. ജോലി സമയം<br>5. മിനിമം വേതനം<br>6. ആരോഗ്യ സംരക്ഷണത്തിന് നൽകുന്ന പരിഗണന<br>7. ശുചിത്വപരിപാലനം<br>8. സ്ത്രീ സൗഹൃദാന്തരീക്ഷം, വിശ്രമ മുറികൾ,യാത്രാസൗകര്യം, ഹോസ്റ്റൽ, ക്രഷ് സൗകര്യം<br>9. സമീപ പ്രദേശങ്ങളിലെ വികസന പ്രവർത്തനങ്ങളിലുള്ള ശ്രദ്ധയും പങ്കാളിത്തവും<br>10. ഉപഭോക്താക്കൾക്ക് ലഭ്യമാകുന്ന സേവനത്തിന്റെ ഗുണനിലവാരം<br>11. സംഘടനാ സ്വാതന്ത്ര്യം, തൊഴിലാളി-തൊഴിലുടമാ ബന്ധം<br>12. തൊഴിൽ വകുപ്പുമായി ബന്ധപ്പെട്ട സന്നദ്ധ പ്രവർത്തനങ്ങളിലെ സഹകരണം |

മെച്ചപ്പെട്ട തൊഴിൽബന്ധം എല്ലാ മേഖലകളിലും വളർത്തിയെടുക്കുക എന്നതാണ് ഇതുവഴി കൈവരിക്കാനുദ്ദേശിക്കുന്ന പ്രധാന നേട്ടം. നിശ്ചിത മാനദണ്ഡങ്ങളുടെ അടിസ്ഥാനത്തിൽ സ്ഥാപനങ്ങളെ മൂല്യനിർണ്ണയം ചെയ്യാനും ഈ മാനദണ്ഡങ്ങൾ പാലിക്കുന്ന സ്ഥാപനങ്ങളെ മാതൃകാ സ്ഥാപനങ്ങളായി പ്രഖ്യാപിക്കാനും സാധിക്കും. മെച്ചപ്പെട്ട തൊഴിൽ - സാമൂഹിക അന്തരീക്ഷം പുലർത്തുന്ന സ്ഥാപനങ്ങൾ സമൂഹ മധ്യത്തിൽ ഔദ്യോഗിക തലത്തിൽ അംഗീകരിക്കപ്പെടുന്നതോടൊപ്പം സ്ഥാപനങ്ങളുടെ മത്സരക്ഷമത, വാണിജ്യപരമായ വിശ്വാസ്യത എന്നിവ വർദ്ധിപ്പിക്കാനും കഴിയും

(സി) സർക്കാർ തൊഴിൽ നയം പ്രഖ്യാപിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ അതിന്റെ അടിസ്ഥാന തത്വം എന്താണെന്ന് അറിയിക്കുമോ?

(സി) കരട് തൊഴിൽ നയം സർക്കാർ പരിഗണനയിലാണ്.

സെക്ഷൻ ഓഫീസർ